പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2307 10/10/2011 ൽ മറുപടിയ്ക്ക്

# പറമ്പിക്കുളത്തെ ആദിവാസികളുടെ ജീവിത നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പറമ്പിക്കുളത്തെ ആദിവാസി വിഭാഗക്കാരുടെ പഠനം, ജോലി, ചികിത്സ എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) <u>പഠനം</u><br>പഠന സൗകര്യത്തിനായി പറമ്പിക്കുളം സുങ്കത്ത് ഒരു എൽ.പി. സ്കൂളും വകുപ്പിന് കീഴിൽ ഒരു പ്രീ-മെട്രിക് ഹോസ്റ്റലും, തേക്കടി അല്ലിമൂപ്പൻ കോളനിയിൽ ഒരു എൽ.പി. സ്കൂളും പ്രവർത്തിച്ചു വരുന്നുണ്ട്. അതിന് പുറമേ ഏർത്ത്ഡാം കോളനിയിൽ ഒരു പെരിപ്പതെറ്റിക് സെന്ററും, കുരിയാർ കുറ്റിയിൽ ഒരു അംഗൻവാടിയും പ്രവർത്തിച്ചുവരുന്നു. നാലാം ക്ലാസ്സ് കഴിഞ്ഞ് പഠനത്തിനായി പറമ്പിക്കുളത്തിന് പുറത്ത് വകുപ്പിന് കീഴിലുള്ള മറ്റ് പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പ് വഴി പൊതുവായി നടപ്പിലാക്കി വരുന്ന വിവിധ വിദ്യാഭ്യാസ പദ്ധതികളുടെ ആനുകൂല്യം ലഭിയ്ക്കുന്നുണ്ട്.<br><u>ജോലി</u><br>വനം വകുപ്പിന് കീഴിൽ വനവിഭവ ശേഖരത്തിനായിട്ടുള്ള കളക്ഷൻ സെന്ററിൽ ഇവിടുത്തെ ആദിവാസികൾ പ്രവർത്തിച്ചു വരുന്നുണ്ട്. വനം വകുപ്പിൽ നിന്നുള്ള സീസണൽ വർക്കുകളിലും , |

വാച്ചർ, ഗൈഡ് തുടങ്ങിയ താൽക്കാലിക ജോലികളും ഇവർ ചെയ്തുവരുന്നു.

<u>ചികിത്സ</u>

ചികിത്സയ്ക്കായി കരിയാർകുറ്റിയിൽ വകുപ്പിന് കീഴിൽ ഒരു ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയും, പറമ്പിക്കുളത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും പ്രവർത്തിച്ച് വരുന്നു.

)) ആദിവാസി വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി പറമ്പിക്കുളത്ത് എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

(ബി) ഇപ്പോൾ പറമ്പിക്കുളത്ത് മാത്രമായി പുതിയ പദ്ധതികൾ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ